പിന്നോക്ക സമുദായ വകുപ്പ് നടപ്പാക്കിയ പദ്ധതികളും ആനുകൂല്യങ്ങളും

238 (6943) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും റിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പിന്നോക്കസമുദായ വകുപ്പു വഴി നടപ്പാക്കിയ വിവിധ സാമ്പത്തിക സഹായ പദ്ധതികളും നൽകിയ ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) എത്ര കുടുംബങ്ങൾക്കാണ് ഇത്തരം ആനുകൂല്യങ്ങൾ നൽകിയ തെന്നുള്ളതിന്റെ സമുദായം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ ഏറ്റവും പിന്നിലായ പിന്നോക്ക സമുദായമായ മുസ്ലീങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിൽനിന്നും എന്തൊക്കെ സഹായങ്ങൾ ചെയ്തുവെന്ന് വിശദീകരിക്കാമോ ;

(ഡി) പിന്നോക്ക സമുദായ വകുപ്പുവഴി നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പിന്നോക്ക സമുദായ വകുപ്പുവഴി നടപ്പാക്കിയ വിവിധ സാമ്പത്തിക സഹായ പദ്ധതികളും നൽകിയ ആനുകൂല്യങ്ങളും താഴെപ്പറയുന്നു.

1. ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്

സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

ക്ലാസ്സ്	നിരക്ക്
I മുതൽ V വരെ	750 രൂപ
VI മുതൽ VIII വരെ	900 "
IX മുതൽ X വരെ	1000 "

2. അഡ്വക്കേറ്റ് ഗ്രാന്റ്സ്

യുവ അഭിഭാഷകർക്ക് പ്രാക്ടീസ് ആരംഭിക്കുന്നതിന് ആദ്യ മൂന്നു വർഷം പ്രതിവർഷം 7500 രൂപ വീതം ഗ്രാന്റ്.

3. ഓവർസീസ് സ്കോളർഷിപ്പ്

മികച്ച വിദേശ സർവ്വകലാശാലകളിൽ ഉന്നത പഠനത്തിന് പ്രവേശനം ലഭിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്ക് 10 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി ആരംഭിച്ചു. വിതരണ നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

വിവിധ മത്സര പരീക്ഷകൾക്കും മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്കും പരിശീലന ഗ്രാന്റ്

കോഴ്സുകൾ		നിരക്ക്
സിവിൽ സർവ്വീസ്	-	50000 രൂപ
മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്	-	30000 "
ബാങ്കിംഗ് പരീക്ഷ	-	20000 "
പി.എസ്.സി./യു.പി.എസ്.സി./എസ്.എസ്.സി./ മറ്റ് പരീക്ഷകൾ	-	5000 "

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എല്ലാ സ്കീമുകളിലും മുസ്ലീം വിഭാഗം ജനങ്ങൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. എന്നാൽ, കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം മറ്റേതെങ്കിലും സ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് പിന്നോക്ക വിഭാഗ വികസന വകുപ്പിൽ നിന്ന് അനുവദിക്കുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയില്ല. ആയതിനാൽ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ന്യൂനപക്ഷ സ്കോളർഷിപ്പും പട്ടികജാതി വികസന വകുപ്പിൽ നിന്ന് ഒ.ഇ.സി. ആനുകൂല്യങ്ങളും ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് അനുവദിക്കാൻ കഴിയില്ല.

(ഡി) നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ കൂടാതെ മിഷൻ 676-ൽ മൂന്ന് പദ്ധതികൾ പരിഗണിക്കുന്നുണ്ട്.

1. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിധവ/അഗതികൾക്ക് ഭവന നിർമ്മാണം.
2. പരമ്പരാഗത ബാർബർമാർ, അലക്കു തൊഴിലാളികൾ എന്നിവർക്ക് തൊഴിൽ നവീകരണ ഗ്രാന്റ്.
3. ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

പിന്നോക്ക സമുദായ വികസന വകുപ്പ് നടപ്പിലാക്കിയ പുതിയ പദ്ധതികൾ

239 (6944) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പിന്നോക്കസമുദായ വികസന വകുപ്പ് 2013-14-ൽ നടപ്പിലാക്കിയ പുതിയ വികസന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly